# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1869 | 4.10.2011-ൽ മറുപടിയ്ക്ക്

### ചന്ദനവനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |

(എ) ചന്ദന മാഫിയ, വനം മാഫിയ എന്നിവയ്ക്കെതിരെ എന്തെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) ചന്ദന മാഫിയ, വനം മാഫിയ എന്നിവയ്ക്കെതിരെ സുശക്തമായ വന സംരക്ഷണ സംവിധാനം നിലവിലുണ്ട്. വന കുറ്റ കൃത്യങ്ങൾ തടയുന്നതിന് വനസംരക്ഷണ ജീവനക്കാരും തദ്ദേശീയരായ ദിവസക്കൂലി വാച്ചർമാരും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും സംയുക്തമായി നിരന്തരം പട്രോളിംഗ് നടത്തി വരുന്നു. കുറ്റവാളികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നുമുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വനപാലകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ഡിവിഷനിൽ പെരുവണ്ണാമൂഴി റെയിഞ്ചിലും സൗത്ത് വയനാട് ഡിവിഷനിൽ ചെതലത്ത് റെയിഞ്ചിലും വനപാലകരെ ആക്രമിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ രണ്ട് സംഭവങ്ങളിലുമായി 6 വനപാലകർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മേൽപ്പറഞ്ഞ 2 സംഭവങ്ങൾക്ക് പോലീസ് കേസെടുത്ത് അന്വേഷണം നടന്നുവരുന്നു. ആയതിൽ ഒരു കേസിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. പരിക്കുപറ്റിയ ജീവനക്കാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിൽസ നൽകിയിട്ടുണ്ട്.

(ഡി) ചന്ദന മോഷണം തടയുന്നതിനും ചന്ദനവനങ്ങൾ സംരക്ഷിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

(ഡി) ചന്ദന മരങ്ങൾ കൂടുതലായുള്ള മറയൂരിൽ ചന്ദന സംരക്ഷണത്തിനായിമാത്രം ഒരു പ്രത്യേക വനം ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. മോഷണ സാദ്ധ്യത കൂടുതലായുള്ള പ്രദേശങ്ങളിൽ പ്രൊട്ടക്ഷൻ ക്യാമ്പുകൾ ഏർപ്പെടുത്തിയും ചന്ദന റിസർവുകൾക്ക് ചുറ്റും ചെയിൻലിങ്ക് ഫെൻസിംഗ് നടത്തിയും, റോഡരികിൽ നിൽക്കുന്ന ഓരോ ചന്ദനമരത്തിനും ഒരാൾ പൊക്കത്തിൽ മുള്ളുകമ്പി ചുറ്റിയും രാത്രികാല പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും ഡോഗ് സ്ക്വാഡിനെ നിയോഗിച്ചും ചന്ദനമരം മോഷണം തടയുന്നതിനും ചന്ദനവനങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ